പാഠം 7

# യേശു, ആത്മാവിന്റെ നങ്കൂരം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: എബ്രാ. 6:4–6; മത്തായി 16:24; റോമർ 6:6; എബ്രാ. 10:26–29; 6:9–13, 6:17–20).**

**മനഃപാഠവാക്യം: "ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ; അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേക്കു കടക്കുന്നതുമാകുന്നു. അവിടേക്കു യേശു മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പു കൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു" (എബ്രാ. 6:19,20).**

നമുക്കുവേണ്ടിയുള്ള യേശുവിന്റെ പൗരോഹിത്യത്തെ സംബന്ധിച്ച ദൈവശാസ്ത്ര വിവരണത്തെ എബ്രാ. 5:11–6:20 തടസ്സപ്പെടുത്തുന്നു. ക്രിസ്തുവിൽനിന്നും അകന്നുപോകുന്ന അപകടത്തെ സംബന്ധിച്ച കർശനമായ ഒരു താക്കീത് പൗലൊസ് ഇവിടെ നല്കുന്നു.

പ്രകടമായും വിശ്വാസമില്ലായ്മ, സ്വയ–അനുകമ്പ എന്നീ വഴുവഴുക്കുള്ള ഇറക്കത്തിലേക്ക് നീങ്ങുന്ന യഥാർത്ഥ അപകടത്തിലായിരുന്നു ജനങ്ങൾ. തന്റെ കേൾവിക്കാരും വായനക്കാരും അവർ നേരിടുന്ന വിഷമകരമായ സാഹചര്യങ്ങളാൽ അവരുടെ ആത്മീയ ഇന്ദ്രിയങ്ങൾ മങ്ങിപ്പോയിരിക്കാം എന്ന ഉത്കണ്ഠയിലാണ് അപ്പൊസ്തലനായ പൗലൊസ്. അപ്രകാരം അവർ സുവിശേഷത്തിന്റെ അനുഭവത്തിലും അറിവിലും വളരുന്നത് നിർത്തി.

ഇത് നമുക്കെല്ലാം സാധ്യമായ ഒരു അപകടം അല്ലയോ, പരിശോധനകൾ മൂലം നിരാശരാകുക അങ്ങനെ അതിൽനിന്നും വിട്ടുപോവുക?

എന്നിരുന്നാലും ഈ കർശനമായ താക്കീത് അതിന്റെ പാരമ്യത്തിലെത്തുന്നത് ഒരു പ്രോത്സാഹനത്തോടെയാണ്. പൗലൊസ് അവന്റെ വായനക്കാരിൽ വിശ്വാസം പ്രകടിപ്പിക്കുകയും യേശുവിനെ അവർക്കായുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളുടെ മൂർത്തീഭാവമായി ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു (എബ്രാ. 6:9–20). താക്കീതുകളുടെയും പ്രോത്സാഹനങ്ങളുടെയും ഈ ചക്രം എബ്രാ. 10:26–39 ൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 12 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## വചനത്തിന്റെ നന്മ രുചിക്കുന്നു

**എബ്രാ. 6:4,5 വായിക്കുക. അവർ അവനോടു വിശ്വസ്തരായിരുന്നപ്പോൾ വിശ്വാസികൾക്ക് ക്രിസ്തുവിൽ എന്ത് നല്കപ്പെട്ടു?**

“പ്രകാശനം” ലഭിച്ചു എന്നതിന്റെ അർത്ഥം അനുതാപം അനുഭവിക്കുക എന്നാണ് (എബ്രാ. 10:32). അത് പ്രതിപാദിക്കുന്നത് സാത്താന്റെ “അന്ധകാരത്തിൽ”നിന്നും “ദൈവത്തിന്റെ പ്രകാശത്തിലേക്ക്” തിരിഞ്ഞവരെയാണ് (അ.പ്ര. 26:17,18). അത് പാപത്തിൽനിന്നുള്ള വിടുതലിനെയാണ് സൂചിപ്പിക്കുന്നത് (എഫെ. 5:11). അവജ്ഞയിൽ നിന്നും (1 തെസ്സ. 5:4,5). ഇവിടുള്ള ക്രിയാരൂപം നിർദ്ദേശിക്കുന്നത് ഈ പ്രകാശനം യേശുവിലൂടെ നേടിയെടുത്ത ദൈവത്തിന്റെ ഒരു പ്രവൃത്തിയെന്നാണ്. ‘അവന്റെ തേജസ്സിന്റെ പ്രഭ” (എബ്രാ. 1:3).

“സ്വർഗ്ഗീയ ദാനം രുചിച്ചറിയുകയും പരിശുദ്ധാത്മാവിന്റെ പങ്കാളിയാവുകയും” ചെയ്യുക എന്നത് തുല്യമായ പ്രയോഗങ്ങളാണ്. ദൈവത്തിന്റെ “ദാനം” എന്നത് അവന്റെ കൃപയെ സൂചിപ്പിക്കുന്നു (റോമർ 5:15). അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ അവനിലൂടെയാണ് ദൈവം ആ കൃപ നല്കുന്നത് (അ.പ്ര. 2:38). പരിശുദ്ധാത്മാവിനെ “രുചിച്ചിട്ടുള്ളവർ” (യോഹ. 7:37–39; 1 കൊരി. 12:13). ദൈവത്തിന്റെ “കൃപ” അനുഭവിച്ചിട്ടുണ്ട്. അതിൽ അവന്റെ ഇഷ്ടം പൂർത്തിയാക്കാനുള്ള ശക്തിയും അടങ്ങിയിരിക്കുന്നു (ഗലാ. 5:22,23). ദൈവത്തിന്റെ നല്ല വചനം ആസ്വദിക്കുക” (എബ്രാ. 6:5) എന്നതിനർത്ഥം വ്യക്തിപരമായി സുവിശേഷത്തിന്റെ സത്യം അനുഭവിക്കുക എന്നാണ് (1 പത്രൊസ് 2:2,3) “വരുവാനുള്ള കാലത്തെ ശക്തികൾ” എന്നത് സൂചിപ്പിക്കുന്നത് വരുവാനുള്ള പുനരുത്ഥാനത്തിൽ ദൈവം അവന്റെ വിശ്വാസികൾക്കായി ചെയ്യുന്ന അത്ഭുതങ്ങളെയാണ് (യോഹ. 5:28,29). നമ്മുടെ ശരീരങ്ങളുടെ രൂപാന്തരത്തെയും നിത്യജീവനെയും... എന്നിരുന്നാലും വിശ്വാസികൾ അത് ഇപ്പോൾ “ആസ്വദിക്കാൻ” തുടങ്ങിയിരിക്കയാണ്. അവർ ഒരു ആത്മീയ പുനരുത്ഥാനം അനുഭവിച്ചിട്ടുണ്ട് (കൊലൊ. 2:12,13). ഒരു പുതുക്കപ്പെട്ട മനസ്സും (റോമർ 12:2), ക്രിസ്തുവിൽ നിത്യജീവനും (യോഹ. 5:24).

അവന്റെ രക്ഷയും ദൈവത്തിന്റെ കൃപയും അനുഭവിച്ച മരുഭൂ തലമുറയെ ആയിരിക്കും ഒരുപക്ഷേ പൗലൊസിന് മനസ്സിലുള്ളത്. മരുഭൂതലമുറക്ക് അഗ്നിസ്തംഭത്താൽ “പ്രകാശനം” ലഭിച്ചു (നെഹെ. 9:12,19; സങ്കീ. 105:39). സ്വർഗ്ഗീയ ദാനമായ മന്ന ആസ്വദിച്ചു (പുറ. 16:15). പരിശുദ്ധാത്മാവിനെ അനുഭവിച്ചു (നെഹെ. 9:20). “ദൈവത്തിന്റെ നല്ല വചനം ആസ്വദിച്ചു” (യോശുവ 21:45). “വരുവാനുള്ള കാലത്തിന്റെ ശക്തികളും” മിസ്രയീമിൽ നിന്നുള്ള വിടുതലിനായി ചെയ്ത അതിശയങ്ങളും അടയാളങ്ങളും (അ.പ്ര. 7:36) എന്നിരുന്നാലും പൗലൊസ് നിർദ്ദേശിക്കുന്നത്, മരുഭൂ തലമുറ ദൈവത്തിൽനിന്നും വിശ്വാസത്യാഗം ചെയ്തതുപോലെ തന്നെ, തെളിവുകൾ ഉണ്ടായിട്ടുകൂടി (സംഖ്യാ. 14:1–15). എബ്രായരുടെ സദസ്സും അതേ കാര്യം ചെയ്യുന്ന അപകടത്തിലാണ്. അവർ ആസ്വദിച്ച ദൈവത്തിന്റെ ഉപകാരങ്ങളുടെ തെളിവുകൾ ഉണ്ടായിട്ടുകൂടി.

**എബ്രായറിലെ ഈ വാകൃങ്ങൾ സംസാരിക്കുന്ന കാര്യങ്ങളുമായി നിങ്ങളുടെ സ്വന്തം അനുഭവം എന്തായിരുന്നു? ഉദാഹരണത്തിന്, ആ വാക്യം പ്രതിപാദിക്കുന്ന പ്രകാശനം നിങ്ങൾ എങ്ങനെയാണ അനുഭവിച്ചിട്ടുള്ളത്?**

## പുനഃസ്ഥാപിക്കാൻ അസാധ്യം

**താരതമ്യം ചെയ്യുക: എബ്രായർ 6:4-6; മത്തായി 16:24; റോമർ 6:6; ഗലാ. 2:20; 5:24; 6:14. ക്രിസ്തുവിനെ ക്രൂശിക്കുക എന്നാൽ എന്താണ് എന്നതിനെക്കുറിച്ച് ഈ താരതമ്യം എന്ത് അഭിപ്രായപ്പെടുന്നു?**

ഗ്രീക്കിലുള്ള ആദിമപുസ്തകം "അസാധ്യം" എന്ന വാക്ക് ഊന്നിപ്പറയുന്നു: "പിന്മാറിപ്പോയവരെ" വീണ്ടെടുക്കുവാൻ ദൈവത്തിന് അസാധ്യമാണ്. കാരണം "അവർ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നു" (എബ്രാ. 6:6). പൗലൊസ് ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നത് ക്രിസ്തുവിലൂടെ അല്ലാതെ രക്ഷയ്ക്ക് വേറൊരു മാർഗ്ഗവും ഇല്ലെന്നാണ് (അ.പ്ര. 4:12). മറ്റ് ഏതു രീതിയുള്ള രക്ഷയും "ദൈവത്തിനു ഭോഷ്ക്കു പറവാൻ" കഴിയാത്തതുപോലെ തന്നെ അസാധ്യമാണ് (എബ്രാ. 6:18). അല്ലെങ്കിൽ "വിശ്വാസമില്ലാതെ" ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയാത്തതുപോലെ (എബ്രാ. 11:6).

ദൈവപുത്രനെ വീണ്ടും ക്രൂശിക്കുക എന്നത് ഒരു അലങ്കാര പ്രയോഗമാണ്. യേശുവും വിശ്വാസിയും തമ്മിലുള്ള ബന്ധത്തിൽ സംഭവിക്കുന്നതിനെ വർണ്ണിക്കാൻ ഉപയോഗിക്കുന്നത്. മതനേതാക്കൾ യേശുവിനെ ക്രൂശിച്ചപ്പോൾ, അവർ അതു ചെയ്തത് യേശു അവരുടെ മേൽക്കോയ്മയ്ക്കും അധികാരത്തിനും ഒരു ഭീഷണി ആയിരുന്നതുകൊണ്ടാണ്. അപ്രകാരം, അവർ യേശുവിനെ ഒരു വ്യക്തിയെന്ന നിലയിലും ഒരു ശക്തനും അപകടകാരിയുമായ ശത്രുവിനെ ഇല്ലായ്മ ചെയ്യുവാൻ ആഗ്രഹിച്ചു. സമാനമായി, ഏറ്റവും അടിസ്ഥാന നിലയിൽ ഒരു വ്യക്തിയുടെ സർവ്വാധിപത്യത്തെയും സ്വയനിർണ്ണയത്തെയും സുവിശേഷം വെല്ലുവിളിക്കുന്നു. ക്രിസ്തീയ ജിവിതത്തിന്റെ സാരാംശം ക്രൂശ് വഹിച്ച് ഒരുവനെത്തന്നെ ത്യജിക്കുക എന്നതാണ് (മത്തായി 16:24). ഇതിനർത്ഥം ലോകത്തെ "ക്രൂശിക്കുക" എന്നതാണ് (ഗലാ. 6:14). "പഴയ മനുഷ്യനെ" (റോമർ 6:6) "ജഡത്തെ അതിന്റെ സകല രാഗമോഹങ്ങളോടും കൂടെ" (ഗലാ. 5:24). ക്രിസ്തീയ ജീവിതത്തിന്റെ ഉദ്ദേശ്യം നാം ഒരു തരം മരണത്തിനു വിധേയമാകണം എന്നാണ്. നാം സ്വയത്തിന് ഈ മരണം അനുഭവിക്കുന്നതുവരെ, ദൈവം നമുക്ക് നല്കുവാൻ ആഗ്രഹിക്കുന്ന പുതിയ ജീവിതം നമുക്ക് സ്വീകരിക്കാനാവില്ല (റോമർ 6:1-11).

യേശുവും സ്വയവുമായുള്ള പോരാട്ടം മരണം വരെയുള്ള ഒരു പോരാട്ടമാണ് (റോമർ 8:7,8; ഗലാ. 5:17). അത് ബുദ്ധിമുട്ടുള്ള ഉടൻതന്നെ വിജയിക്കുന്ന ഒരു യുദ്ധമല്ല. "ജഡത്തോടും പഴയമനുഷ്യനോടും" ഈ യുദ്ധത്തിൽ വല്ലപ്പോഴും പരാജയപ്പെടുന്ന ഒരു വ്യക്തിയെക്കുറിച്ചല്ല ഈ പാഠഭാഗം പരാമർശിക്കുന്നത്. ഈ പാപം പരാമർശിക്കുന്നത് യഥാർത്ഥ രക്ഷയും അത് എന്തിനെ സൂചിപ്പിക്കുന്നു എന്നും അനുഭവിച്ചശേഷം (എബ്രാ. 6:4,5), അവനോ അവൾക്കോ ആഗ്രഹമുള്ള ഒരു ജീവിതത്തിന് യേശു ഒരു ഭീഷണിയാണെന്ന് തീരുമാനിക്കുകയും അവനുമായുള്ള ബന്ധത്തെ ഇല്ലാതെയാക്കുവാൻ ശ്രമിക്കുന്ന ഒരു വ്യക്തിയെക്കുറിച്ചാണ്. അതായത്, ക്രിസ്തുവിൽനിന്നും പൂർണ്ണമായി പിന്മാറിപ്പോകാൻ ആ വ്യക്തി തീരുമാനിക്കുന്നതുവരെ, രക്ഷയുടെ പ്രത്യാശ അപ്പോഴുമുണ്ട്.

**"സ്വയത്തിന്" മരിക്കുക "ക്രൂശ് എടുക്കുക" എന്നതിന്റെ അർത്ഥമെന്താണ്? ക്രിസ്തുവിന്റെ ആധിപത്യത്തിനു വിട്ടുകൊടുക്കാൻ നിങ്ങൾക്ക് ഏറ്റവും പ്രയാസമേറിയ കാര്യം എന്താണ്?**

## പാപങ്ങൾക്ക് ഒരു യാഗവും ശേഷിക്കുന്നില്ല

എബ്രാ. 6:4–6 ലെ താക്കീത് എബ്രായർ 10:26–29 ലെ താക്കീതിന് സമമാണ്. യേശുവിന്റെ യാഗത്തിന്റെ തിരസ്കരണം വായനക്കാരെ പാപക്ഷമയ്ക്കായി മറ്റൊരു മാർഗ്ഗവും ഇല്ലാത്തവിധം ആക്കും കാരണം ആ ക്ഷമയ്ക്കായി യേശുവല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല (എബ്രാ. 10:1–14).

**എബ്രാ. 10:26–29 വായിക്കുക. ക്ഷമയില്ലാത്ത പാപത്തിനെ ഏത് മൂന്ന് രീതികളിലാണ് ലേഖകൻ വർണ്ണിക്കുന്നത്?**

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം ചെയ്യുന്ന ഏതൊരു പാപത്തിനും പാപപരിഹാരമില്ല എന്ന് ലേഖകൻ പറയുന്നില്ല. ദൈവം യേശുവിനെ നമ്മുടെ കാര്യസ്ഥനായി നിയമിച്ചിട്ടുണ്ട് (1 യോഹ. 2:1). അവനിലൂടെ നമുക്ക് പാപക്ഷമ ഉണ്ട് (1 യോഹ. 1:9). യാതൊരു യാഗവും പാപക്ഷമയും ഇല്ലാത്ത പാപത്തെ വർണ്ണിക്കുന്നത് ദൈവപുത്രനെ കാൽക്കീഴിലിട്ട് ചവിട്ടിമെതിക്കുന്നതായാണ്. ഉടമ്പടി രക്തത്തെ അപകീർത്തിപ്പെടുത്തൽ, പരിശുദ്ധാത്മാവിനെ കോപപ്പെടുത്തുക (എബ്രാ. 10:29). ഈ പ്രയോഗങ്ങളുടെ അർത്ഥം നമുക്കൊന്ന് അവലോകനം ചെയ്യാം.

“ദൈവപുത്രനെ ചവിട്ടിക്കളയും” (എബ്രാ. 10:29) എന്ന പ്രയോഗം യേശുവിന്റെ ഭരണത്തെ തള്ളിക്കളയുന്നത് വിവരിക്കുന്നു. “ദൈവപുത്രൻ” എന്ന സ്ഥാനപ്പേര് ദൈവം യേശുവിനെ അവന്റെ വലത്തുഭാഗത്ത് ഇരുത്തിയിരിക്കുന്നുവെന്നും അവന്റെ ശത്രുക്കളെ “പാദപീഠം” ആക്കാമെന്നുള്ള വാഗ്ദത്തം ജനത്തെ ഓർപ്പിച്ചു (എബ്രാ. 1:13; 1:5–12,14 കാണുക). യേശുവിനെ കാല്ക്കീഴിൽ ചവിട്ടിക്കളയുന്നത് സൂചിപ്പിക്കുന്നത് വിശ്വാസത്യാഗം ചെയ്തവരുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം യേശുവിനെ സിംഹാസനത്തിൽനിന്നും നീക്കിക്കളഞ്ഞിരിക്കുന്നു എന്നു കണക്കാക്കാം (ഇപ്പോൾ അതിൽ വിശ്വാസത്യാഗം ചെയ്തവൻ തന്നെ ഇരിക്കുകയാണ്) പകരമായി അവന്റെ പാദപീഠമാക്കിയിരിക്കുന്നു. ഇതാണ് സ്വർഗ്ഗത്തിൽ ലൂസിഫർ ചെയ്യാൻ ആഗ്രഹിച്ചത് (യെശ. 14:12–14). ഭാവിയിൽ “അധർമ മൂർത്തി’ ചെയ്യാൻ ശ്രമിക്കുന്നതും ഇതാണ് (2 തെസ്സ. 2:3,4).

“നിയമത്തിന്റെ രക്തത്തെ മലിനമാക്കി” എന്ന പ്രയോഗം യേശുവിന്റെ യാഗത്തെ തിരസ്കരിക്കുന്നതിനെ പ്രതിപാദിക്കുന്നു (എബ്രാ. 9:15–22). ഇത് സൂചിപ്പിക്കുന്നത് യേശുവിന്റെ രക്തത്തിന് ശുദ്ധീകരണ ശക്തി ഇല്ലെന്നാണ്.

“കൃപയുടെ ആത്മാവിനെ അധിക്ഷേപിച്ചു” എന്ന പ്രയോഗം വളരെ ശക്തമാണ്. ഗ്രീക്ക് പദമായ enybrisas (അധിക്ഷേപിക്കുക, കോപാകുലനാക്കുക) hubris ന്റെ വെളിപ്പെടുത്തൽ ഉൾപ്പെടുന്നു. അത് “ധിക്കാരത്തെയോ, അഹങ്കാരത്തെയോ” കാണിക്കുന്നു. ഈ പദം പരിശുദ്ധാത്മാവിന്റെ വർണ്ണനയായ “കൃപയുടെ ആത്മാവിന്” തികച്ചും വിശുദ്ധമാണ്. ഇതു സൂചിപ്പിക്കുന്നത് വിശ്വാസത്യാഗം ചെയ്തവർ ദൈവത്തിന്റെ കൃപാദാനത്തോട് അധിക്ഷേപത്തോടെ പ്രതികരിച്ചു എന്നാണ്. വിശ്വാസത്യാഗം എന്നത് താങ്ങാനാവാത്ത ഒരു അവസ്ഥയാണ്. അവൻ യേശുവിനെയും അവന്റെ യാഗത്തെയും പരിശുദ്ധാത്മാവിനെയും തിരസ്കരിക്കുന്നു.

## മെച്ചപ്പെട്ട കാര്യങ്ങൾ

എബ്രാ. 6:4–8 ലെ ആത്മാർത്ഥവും ശക്തവുമായ താക്കീതിനുശേഷം, വായനക്കാർ പുത്രനിൽനിന്നും മാറിപ്പോകയോ ഭാവിയിൽ അതുണ്ടാകുകയോ ചെയ്യില്ല എന്ന് പൗലൊസ് ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. അവന്റെ സദസ്സിന് താക്കീത് ലഭിക്കയും അനുയോജ്യമായ ഫലങ്ങൾ പുറപ്പെടുവിക്കയും ചെയ്യുമെന്ന് അവൻ വിശ്വസിക്കുന്നു. അവർ ദൈവത്താൽ കൃഷി ചെയ്യപ്പെട്ട് അവൻ പ്രതീക്ഷിക്കുന്ന ഫലം പുറപ്പെടുവിക്കുന്ന "ഭൂമി"യെ പോലെയാണ്. ഈ ജനങ്ങൾക്ക് ദൈവത്തിൽനിന്നുള്ള അനുഗ്രഹം ലഭിക്കും (എബ്രാ. 6:7). അത് "രക്ഷ" ആണ് (എബ്രാ. 6:9).

**എബ്രാ. 6:9–12 വായിക്കുക. സദസ്സ് ചെയ്തതും ഇപ്പോഴും ചെയ്യുന്നതുമായ നല്ല കാര്യങ്ങൾ എണ്ണിപ്പറയുകയും അവയുടെ അർത്ഥം എന്തെന്ന് വിശദീകരിക്കയും ചെയ്ക.**

വിശ്വാസികൾ ദൈവത്തിന്റെ "നാമത്തോട്" അവരുടെ സ്നേഹം കാണിക്കുന്നു. അതായത്, വിശുദ്ധന്മാരോടുള്ള അവരുടെ സേവനത്താൽ ദൈവത്തോടു തന്നെ. ഇത് മുൻകാലത്തുള്ള ഒറ്റപ്പെട്ട പ്രവൃത്തികളല്ല, പിന്നെയോ, നിലനിന്നുപോന്നിരുന്നതും ഈ കാലത്തേക്ക് എത്തപ്പെട്ടതും. അസാധാരണമായ പ്രവൃത്തികൾ ഒരു വ്യക്തിയുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നില്ല. ദൈവത്തോടുള്ള സ്നേഹത്തിന്റെ ശക്തമായ തെളിവ് എന്നത് "മതപരമായ" പ്രവൃത്തികളല്ല മറിച്ച് സഹജീവികളോടുള്ള സ്നേഹപ്രവൃത്തികളാണ്, പ്രത്യേകിച്ച് പരിമിതികളുള്ളവരോട് (മത്തായി 10:42; 25:31–46). അപ്രകാരം, നന്മ ചെയ്യുവാൻ "മറക്കരുത്" എന്ന പൗലൊസ് വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു (എബ്രാ. 13:2,16).

എബ്രാ. 6:12 നോക്കുക. അത് "മന്ദതയ്ക്കും അലസതയ്ക്കും" എതിരെ താക്കീത് ചെയ്യുന്നു. അത് പക്വത പ്രാപിക്കാൻ പരാജയപ്പെടുന്നവരെയും കാണിക്കുന്നു (എസ്രാ. 5:11; 6:12). പ്രത്യാശ ജീവനോടെ നിലനിർത്തുന്നത് വിശ്വാസത്തിന്റെ ബുദ്ധിപരമായ പ്രവൃത്തികളിലൂടെയല്ല, പിന്നെയോ സ്നേഹപ്രവൃത്തികളിലൂടെ പ്രകടമാക്കുന്ന വിശ്വാസത്തിലൂടെയാണ് (റോമർ 13:8–10).

വിശ്വാസത്തിലൂടെയും സഹിഷ്ണുതയിലൂടെയും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരെ വായനക്കാർ അനുകരിക്കണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു അവൻ നേരത്തെ തന്നെ വിശ്വാസമില്ലായ്മയിലൂടെയും സ്ഥിരോത്സാഹമില്ലായ്മയിലൂടെയും വാഗ്ദത്തം ചെയ്യപ്പെട്ടതിനെ അവകാശപ്പെടാൻ പരാജയപ്പെട്ടവരുടെ ഉദാഹരണമായി മരുഭൂ തലമുറയെ അവതരിപ്പിച്ചിട്ടുണ്ട്. പിന്നീട് അവൻ അബ്രഹാമിനെ അവതരിപ്പിക്കുന്നു (എബ്രാ. 6:13–15). വിശ്വാസത്തിലൂടെയും സഹിഷ്ണുതയിലൂടെയും വാഗ്ദത്തങ്ങൾ അവകാശപ്പെട്ട ഒരു മാതൃകയായി. എബ്രായർ 11 ലെ വിശ്വാസമുള്ള മനുഷ്യരിലൂടെ പട്ടികയിലൂടെ പ്രസാദാത്മകമായ മാതൃകകൾ നീളുകയും എബ്രായർ 12 ൽ യേശുവിന്റെ മാതൃകയിലൂടെ അത് പാരമ്യത്തിലെത്തുകയും ചെയ്യുന്നു. വിശ്വാസത്തിന്റെയും സഹിഷ്ണുതയുടെയും ഏറ്റവും വലിയ മാതൃകയായി (എബ്രാ. 12:1–4). വെളിപ്പാട് 14:12 ൽ വിശ്വാസം, സഹിഷ്ണുത, കല്പനാചരണം എന്നിവ അന്ത്യനാളുകളിലെ വിശുദ്ധന്മാരുടെ സവിശേഷതകളാണ്.

**ചിലപ്പോഴൊക്കെ നാം സ്നേഹിക്കുന്ന വ്യക്തികൾക്ക് നാം താക്കീത് നല്കേണ്ടതുണ്ട്. മറ്റുള്ളവരെ താക്കീത് ചെയ്യുന്നതും പ്രോത്സാഹിപ്പിക്കുന്നതും സംബന്ധിച്ച് നമുക്ക് അപ്പൊസ്തലനിൽനിന്നും എന്തു പഠിക്കാൻ കഴിയും?**

## യേശു, ആത്മാവിന്റെ നങ്കൂരം

വിശ്വാസത്യാഗത്തിനെതിരെയുള്ള അവന്റെ താക്കീതും സ്നേഹത്തോടും വിശ്വാസത്തോടുമുള്ള അവന്റെ പ്രോത്സാഹനവും പൗലൊസ് അവസാനിപ്പിക്കുന്നത് ക്രിസ്തുവിലുള്ള ഉറപ്പിന്റെ മനോഹരവും ഉയരുന്നതുമായ ഒരു പ്രദർശനത്തിലാണ്.

എബ്രാ. 6:17–20 വായിക്കുക. എങ്ങനെയാണ് ദൈവം നമ്മോടുള്ള വാഗ്ദത്തങ്ങൾക്ക് ഉറപ്പ് നല്കിയത്?

നമ്മോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്ക് അവൻ നിരവധി രീതികളിൽ ഉറപ്പു നല്കി. ഒന്നാമത്, അവന്റെ വാഗ്ദത്തത്തിന്റെ ഉറപ്പ് അവൻ നല്കിയത് ഒരു ശപഥത്തിലൂടെയാണ് (എബ്രാ. 6:17). തിരുവെഴുത്തുപ്രകാരം, അബ്രഹാമിനോടും ദാവീദിനോടുമുള്ള ദൈവത്തിന്റെ ശപഥങ്ങൾ ദൈവത്തിന് യിസ്രായേലിനോടുള്ള നിരന്തരമായ പ്രീതിയിലുള്ള ആത്മവിശ്വാസത്തിന്റെ പരമമായ അടിസ്ഥാനമായി തീർന്നു. സ്വർണ്ണക്കാളക്കുട്ടിയാലുള്ള വിശ്വാസത്യാഗത്തിനു മോശെ ദൈവത്തോട് ക്ഷമ ചോദിക്കാൻ ഒരുങ്ങിയപ്പോൾ, അവൻ അബ്രഹാമിനോടുള്ള ദൈവത്തിന്റെ പ്രതിജ്ഞ പരാമർശിച്ചു (ഉല്പത്തി 22:16–18; പുറ. 32:11–14 കാണുക).

ദൈവത്തിന്റെ പ്രതിജ്ഞ മാറ്റാനാവാത്തതാണ് എന്നത് അവന്റെ യാചനയുടെ ശക്തിയെ സൂചിപ്പിക്കുന്നു (റോമർ 9:4; 11:28,29). സമാനമായി, സങ്കീർത്തനക്കാരൻ യിസ്രായേലിനു വേണ്ടി ദൈവമുമ്പാകെ മദ്ധ്യസ്ഥത വഹിച്ചപ്പോൾ, അവൻ ദാവീദിനോടുള്ള ദൈവത്തിന്റെ പ്രതിജ്ഞ അവകാശപ്പെട്ടു. ദൈവം പറഞ്ഞിരുന്നു: “ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല. ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നു; ദാവീദിനോട് ഞാൻ ഭോഷ്ക്കു പറകയില്ല. അവന്റെ സന്തതി ശാശ്വതമായും അവന്റെ സിംഹാസനം എന്റെ മുമ്പിൽ സൂര്യനെപ്പോലെയും ഇരിക്കും. അതു ചന്ദ്രനെപ്പോലെയും ആകാശത്തിലെ വിശ്വസ്ത സാക്ഷിയെപ്പോലെയും എന്നേക്കും സ്ഥിരമായിരിക്കും” (സങ്കീ. 89:34–37).

പുതിയ നിയമപ്രകാരം, രണ്ട് ശപഥങ്ങളെയും യേശുവിൽ നിവൃത്തിയായി, സ്വർഗ്ഗാരോഹണം ചെയ്ത് ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന അബ്രഹാമിന്റെ സന്തതി (ഗലാ. 3:13–16; ലൂക്കൊസ് 1:31–33,54,55).

രണ്ടാമതായി, നമ്മോടുള്ള അവന്റെ വാഗ്ദത്തങ്ങൾക്ക് യേശുവിനെ അവന്റെ വലതുഭാഗത്ത് ഇരുത്തിക്കൊണ്ടുള്ള പ്രവൃത്തിയിലൂടെ ദൈവം ഉറപ്പു നല്കിയിട്ടുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് വിശ്വാസികളോടു ചെയ്ത വാഗ്ദത്തം സ്ഥിരീകരിക്കുന്നതിനുള്ള ഉദ്ദേശ്യവുമുണ്ട്. കാരണം യേശു സ്വർഗ്ഗാരോഹണം ചെയ്തത് “നമുക്കായുള്ള ഒരു മുന്നോടിയാണ്” (എബ്രാ. 2:9,10). അപ്രകാരം, സ്വർഗ്ഗാരോഹണം നമുക്ക് വെളിപ്പെടുത്തുന്നത് നമുക്കായുള്ള ദൈവത്തിന്റെ രക്ഷയുടെ ഉറപ്പാണ്. ദൈവം യേശുവിനെ മഹത്വത്തിലേക്കു നയിച്ചത് “എല്ലാവർക്കുമായുള്ള മരണം” എന്ന കഷ്ടപ്പാടിലൂടെയാണ്. അങ്ങനെയാകുമ്പോൾ അവന് അനേകം “പുത്രന്മാരെ തേജസ്സിലേക്ക്” കൊണ്ടുവരാനായും (എബ്രാ. 2:9,10). പിതാവിന്റെ മുമ്പിലുള്ള യേശുവിന്റെ സാന്നിധ്യമാണ്. “ആത്മാവിന്റെ നങ്കൂരം” (എബ്രാ. 6:19). അത് ദൈവത്തിന്റെ സിംഹാസനത്തോട് ചേർത്തുകെട്ടിയിരിക്കുകയാണ്. യേശുവിലൂടെ നമ്മോടുള്ള വാഗ്ദത്തം നിറവേറിയതിലൂടെയാണ് ദൈവത്തിന്റെ ഭരണത്തിന്റെ ആദരവ് നിലനിന്നത്. ഇതിൽക്കൂടുതൽ ഉറപ്പ് എന്താണ് നമുക്ക് വേണ്ടത്?

**ദൈവം നിങ്ങളോട് ഒരു പ്രതിജ്ഞ ചെയ്തു എന്ന വസ്തുതയെക്കുറിച്ച് നിങ്ങൾ ചിന്തിക്കുമ്പോൾ നിങ്ങൾക്ക് എന്തു തോന്നുന്നു? നിങ്ങൾ അയോഗ്യരാണെന്ന് തോന്നുമ്പോൾ പോലും എന്തുകൊണ്ടാണ് ആ ചിന്ത മാത്രം നിങ്ങൾക്ക് രക്ഷയുടെ ഉറപ്പ് നല്കാൻ സഹായകമാകുന്നത്?**

## കൂടുതൽ പഠനത്തിന്:

എലൻ ജി. വൈറ്റിന്റെ "Acts of the Apostles" ൽ "John the beloved" pp. 539-545 ഉം യുഗങ്ങളുടെ പ്രത്യാശയിൽ "Judas" pp. 716-7220 ഉം വായിക്കുക.

"ഇതുവരെ പോരാടിയതിൽ ഏറ്റവും വലിയ പോരാട്ടം എന്നത് സ്വയത്തിനെതിരായ യുദ്ധമാണ്. സ്വയത്തെ കീഴടക്കുന്നതും സകലവും ദൈവയിഷ്ടത്തിന് സമർപ്പിക്കുന്നതിനും ഒരു പോരാട്ടം ആവശ്യമാണ്; എന്നാൽ വിശുദ്ധിയിൽ പുതുക്കപ്പെടുന്നതിന് മുമ്പ് ആത്മാവ് ദൈവത്തിന് കീഴടങ്ങണം" E.G. White, Steps to christ, p.43.

യോഹന്നാൻ യേശുവിനെപ്പോലെ ആകുവാൻ ആഗ്രഹിച്ചു. ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ രൂപാന്തരപ്പെടുത്തുന്ന സ്വാധീനത്തിൻ കീഴിൽ അവൻ താഴ്മയും വിനയമുള്ളവനുമായി. സ്വയത്തെ യേശുവിൽ ഒളിപ്പിച്ചു. അവന്റെ സകല സുഹൃത്തുക്കൾക്കും മീതെ, ആ അതിശയകരമായ ജീവിതത്തിനു മുമ്പിൽ യോഹന്നാൻ അവനെത്തന്നെ കീഴ്പ്പെടുത്തി...

യോഹന്നാന് ക്രിസ്തുവിനോടുണ്ടായിരുന്ന ആഴത്തിലുള്ള സ്നേഹമാണ് എപ്പോഴും അവന്റെ അടുത്തായിരിക്കാൻ ആഗ്രഹിക്കുന്നതിലേക്ക് അവനെ നയിച്ചത്. രക്ഷകൻ ആ പന്ത്രണ്ട് പേരെയും സ്നേഹിച്ചു. എന്നാൽ യോഹന്നാന്റേതായിരുന്നു ഏറ്റവും സ്വീകാര്യത ഉണ്ടായിരുന്ന ആത്മാവ്. അവൻ മറ്റുള്ളവരെക്കാൾ ചെറുപ്പമായിരുന്നു. ഒരു കുട്ടിയുടെ വിശ്വസിക്കുന്ന ആശ്രയത്തോടെ അവൻ യേശുവിന് അവന്റെ ഹൃദയം തുറന്നുകൊടുത്തു. അപ്രകാരം അവൻ ക്രിസ്തുവിനോട് കൂടുതൽ അനുകമ്പ ഉള്ളവനായിത്തീർന്നു. അങ്ങനെ അവനിലൂടെ രക്ഷകന്റെ ആത്മീയ ഉപദേശം ജനങ്ങളോട് സംവദിക്കപ്പെട്ടു.

അവനെ രൂപാന്തരപ്പെടുത്തിയ വിശുദ്ധിയുടെ സൗന്ദര്യം ക്രിസ്തുസമാനമായ പ്രഭയോടെ അവന്റെ മുഖത്ത് വിളങ്ങി. ക്രിസ്തുവിനെപ്പോലെ ആകുകയും അവനോടൊത്ത് കൂട്ടായ്മ ആചരിക്കയും ചെയ്യുന്നത് അവന്റെ ഒരേയൊരു ആഗ്രഹം ആകുന്നതുവരെ അവൻ സ്തുതിയോടും സ്നേഹത്തോടും രക്ഷകനെ ദർശിച്ചു. അവന്റെ സ്വഭാവത്തിൽ ഗുരുവിന്റെ സ്വഭാവം പ്രതിഫലിക്കയും ചെയ്തു" E.G. White, The Acts of the Apostles pp. 544, 545.

## ചർച്ചാ ചോദ്യങ്ങൾ

1. പ്രിയശിഷ്യൻ യോഹന്നാന്റെയും യൂദാസിന്റെയും ജീവിതങ്ങൾ ഒരു പ്രധാന വൈരുദ്ധ്യം നല്കുന്നു. യേശു യോഹന്നാനെയും അവന്റെ സഹോദരനെയും കണ്ടപ്പോൾ അവൻ അവരെ ഇടിമക്കൾ (Boanerges) എന്നു വിളിച്ചു. യോഹന്നാന് വളരെയധികം കുറവുകൾ ഉണ്ടായിരുന്നു. യൂദാസിനും കുറവുകൾ ഉണ്ടായിരുന്നു. എന്നാൽ അവ യോഹന്നാന്റേതിനെക്കാൾ നാടകീയമോ ഗൗരവതരമോ ആയിരുന്നില്ല. എന്തുകൊണ്ട് യോഹന്നാൻ യേശുവിന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുകയും അതേ സമയം യൂദാസ് പരിശുദ്ധാത്മാവിനെതിരെ പാപം ചെയ്യുകയും ചെയ്തത്? എന്തായിരുന്നു വ്യത്യാസം?
2. അവരുടെ ക്രൂശുകൾ എടുത്ത് അവനെ അനുഗമിക്കുവാൻ യേശു വിശ്വാസികളെ ക്ഷണിക്കുന്നു. ക്രൂശ് വഹിക്കുന്നതും മറ്റുള്ളവരിൽനിന്ന് അധിക്ഷേപം ഏല്ക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്ത്?
3. എന്തുകൊണ്ടാണ് അവനുവേണ്ടി നമ്മുടെ ജീവിതങ്ങളുടെ ഒരു പൂർണ്ണ സമർപ്പണം ദൈവം ആവശ്യപ്പെടുന്നത്?